"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ്- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം - തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സ്വരൂപിന് സിനിമയിൽ അഭിനയിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.218/2024/AYUSH തീയതി,തിരുവനന്തപുരം, 15-06-2024

---

പരാമർശം:- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 20.01.2024-ലെ DAME/75/2024-G2 നമ്പർ കത്ത്.

**ഉത്തരവ്**

തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സ്വരൂപ് എ. എച്ച്-ന് സിനിമയിൽ അഭിനയിക്കുന്നതിന് അവസരം ലഭിച്ചിട്ടുള്ളതിനാൽ ടിയാളുടെ ജോലിക്ക് ഭംഗം വരാത്ത രീതിയിലും പ്രതിഫലം വാങ്ങാതെയും പ്രസ്തുത കലാ പ്രവർത്തനങ്ങളിൽ പങ്കെടുത്തുകൊള്ളാം എന്നപേക്ഷിച്ചിട്ടുള്ളതിനാലും ടിയാൾക്ക് മേൽ നിബന്ധനയോടെ സിനിമയിൽ അഭിനയിക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48-ലെ വ്യവസ്ഥകൾക്ക് വിധേയമായി തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സ്വരൂപിന് സിനിമയിൽ അഭിനയിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAMEER KUMAR O J
ഡെപ്യൂട്ടി സെക്രട്ടറി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിയ്ക്ക് (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ, ഗവ. ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 15-06-2024 12:06:28

സെക്ഷൻ ഓഫീസർ